# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1900** **16/06/2014 ൽ മറുപടിക്ക്**

**വനംവകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി-വിജിലൻസ് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണിജോസഫ്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.പി.എ.മാധവൻ** | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ക്യൂ.വി. 3/2013/എസ്.ഐ.യു-1 എന്ന സത്വരാന്വേഷണം നടന്നുവരുന്നു. |
| (ബി) ആരാണ് പരാതി നൽകിയത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ശ്രീ.ആർ.ബാലകൃഷ്ണപിള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 22.07.2013-ൽ പത്രറിപ്പോർട്ടുകളുടെ പകർപ്പുകൾ സഹിതം നൽകിയ പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് സത്വരാന്വേഷണം നടക്കുന്നത്. |
| (സി) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത് ; വിശദമാക്കാമോ; | (സി) ശ്രീ. വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുതായ ആരോപണം സംബന്ധിച്ചാണ് അന്വേഷണം. |
| (ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകളും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക് നോളജിയിൽ ശാസ്ത്രജ്ഞയുമായ ഡോ.വി.വി. ആശയ്ക്ക് ഗവേഷണത്തിനായി 2001 മുതൽ വനം വകുപ്പിൽ നിന്നും 35 ലക്ഷം രൂപ പല തവണയായി അനുവദിച്ച് നൽകിയെന്നും എന്നിട്ടും തയ്യാറാക്കിയ പ്രബന്ധങ്ങളൊന്നും വനം വകുപ്പിൽ ലഭിച്ചിട്ടില്ലെന്നുള്ള ആരോപണം, വ്യക്തി താൽപര്യങ്ങൾ മുൻ നിർത്തി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക് നോളജിയിൽ ഡയറക്ടർ സ്ഥാനത്ത് പ്രൊഫസർ എം.രാധാകൃഷ്ണപിള്ളയെ തുടരാൻ അനുവദിക്കരുതെന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ.വി.എസ്.അച്യുതാനന്ദൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രിക്ക് കത്തെഴുതിയതായുമുള്ള ആരോപണം എന്നിവയിലാണ് അന്വേഷണം നടക്കുന്നത്. |

**സെക്ഷൻ ഓഫീസർ**